LIBRARY ARCHIVES Kerala Legislative Assembly

ഗോത്രവർഗ്ഗ കോളനികൾ കേന്ദ്രീകരിച്ചുള്ള തീവ്രവാദ പ്രവർത്തനം

251 (2079) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഗോത്രവർഗ്ഗ കോളനികൾ കേന്ദ്രീകരിച്ചുള്ള തീവ്രവാദ സംഘടന പ്രവർത്തനവുമായി ബന്ധപ്പെട്ട് എതെല്ലാം കോളനികളിൽ നിന്നും ഏതെല്ലാം തീവ്രവാദ സംഘടനാ പ്രവർത്തകരെ കസ്റ്റഡിയിലെടുത്തിട്ടുണ്ട് ; എത്രപേരെ കസ്റ്റഡിയിലെടുത്തിട്ടുണ്ട് ; വിശദമാക്കാമോ ;

(ബി) എന്തെല്ലാം കേസുകളാണ് ഇവർക്കെതിരെ ചുമത്തിയിട്ടുള്ളത് ; വിശദമാക്കാമോ ;

(സി) ഇത് സംബന്ധിച്ച കേസന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; വ്യക്തമാക്കാമോ ;

(ഡി) ഇതുമായി ബന്ധപ്പെട്ട പോലീസിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ വടക്കൻ മേഖലയിലെ ജില്ലകളായ മലപ്പുറം, വയനാട്, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ ചില ആദിവാസി ഊരുകളിൽ മാവോയിസ്റ്റ് സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവിടങ്ങളിൽ നിന്നും ആരെയും കസ്റ്റഡിയിൽ എടുത്തിട്ടില്ല. മാവോയിസ്റ്റുകൾ ആദിവാസികളെ സ്വാധീനിക്കുവാൻ ശ്രമിച്ചുവരുന്നു. പക്ഷേ നാളിതുവരെയും അവരെ കാര്യമായി വശത്താക്കാൻ മാവോയിസ്റ്റുകൾക്ക് സാധിച്ചിട്ടില്ല.

(ബി) കേസ്സുകൾ എടുത്തിട്ടില്ല.

(സി) കേസ്സുകൾ എടുത്തിട്ടില്ല.

(ഡി) സംസ്ഥാനത്ത് മുഖ്യമായും വടക്കൻ മേഖലയിലാണ് മാവോയിസ്റ്റ് പ്രവർത്തനങ്ങൾ കാണപ്പെട്ടിട്ടുള്ളത്. മറ്റ് ചില പ്രദേശങ്ങളിലും അവരുടെ പ്രവർത്തനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് നിരീക്ഷിക്കാനും അവരുടെ പ്രവർത്തനം തടയാനും പോലീസിനെ ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചുവരുന്നു. മാവോയിസ്റ്റ് വിരുദ്ധപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി കണ്ണൂർ ഡി.ഐ.ജി.യെ മാവോയിസ്റ്റ് വിരുദ്ധ പ്രവർത്തനങ്ങളുടെ മേധാവിയായി നിയമിച്ചിട്ടുണ്ട്. ആവശ്യമായി വരുന്ന ഘട്ടങ്ങളിൽ ഉപയോഗിക്കുവാൻ പ്രാപ്തിയുള്ള കമാൻഡോ സംവിധാനവും നിലവിൽ വന്നിട്ടുണ്ട്.